**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2425** — **05.11.2019 - ൽ മറുപടിക്ക്.**

## വ്യവസായമേഖല ലക്ഷ്യമിട്ട നേട്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| (എ) 2018-19 സാമ്പത്തിക വർഷം വ്യവസായ മേഖല കൈവരിക്കുവാൻ ലക്ഷ്യമിട്ടിരുന്ന നേട്ടങ്ങൾ എന്തൊക്കെയാണ് ; | (എ) : 2018-19 സാമ്പത്തിക വർഷം 160.01 കോടി രൂപയുടെ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു |
| (ബി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ? | (ബി) : സംരംഭക സഹായ പദ്ധതി പ്രകാരം ബഡ്ജറ്റിൽ വകയിരുത്തിയ 55 കോടി രൂപ 118 സംരംഭകർക്ക് അനുവദിച്ച് ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2018-ലെ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി അടങ്കൽ 128.01 കോടി രൂപയായി പുനർനിർണയിക്കുകയും ആയതിൽ 97.52 കോടി രൂപ അതായത് 76.18% പദ്ധതി വിഹിതം ചെലവഴിക്കുകയും ചെയ്തിരുന്നു. ആകെയുള്ള 22 പദ്ധതികളിൽ 9 പദ്ധതികൾ പൂർണ്ണമായും 3 പദ്ധതികൾ 75% മുകളിലും പദ്ധതി വിഹിതം ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.<br>2018-ലെ പ്രളയം മൂലം MSME മേഖലയിൽ കനത്ത നാശനഷ്ടങ്ങൾ ഉണ്ടായത് കാരണം |

ചില പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

ഖാദി മേഖലയിൽ ലക്ഷ്യമിട്ടിരുന്നവ പൂർണ്ണമായും കൈവരിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ എന്റെ ഗ്രാമം പദ്ധതിയും പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയും ലക്ഷ്യം കൈവരിക്കാനായിട്ടുണ്ട്. ഖാദി ഉല്പാദനത്തിൽ നിശ്ചയിച്ചിരുന്ന ഉല്പാദന ലക്ഷ്യം കൈവരിക്കാൻ 2018-19 വർഷത്തിൽ കഴിഞ്ഞിട്ടില്ല. ആകെ ഖാദി ഉല്പാദനം 20.91 കോടി രൂപയാണ്. ഫണ്ടിന്റെ (Working capital) അപര്യാപ്തതയും 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയവും ഖാദി ഉല്പാദന ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങളാണ്.

സിഡ്കോയുടെ പ്രൊഡക്ഷൻ വിഭാഗത്തിൽ 18.78 കോടി രൂപയുടെയും റോ മെറ്റീരിയൽ വിഭാഗത്തിൽ 106.9 കോടിയുടെയും വിപണന വിഭാഗത്തിൽ 72.50 കോടി രൂപയുടെയും ടേണോവർ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സിഡ്കോയുടെ ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിനായി 12/10/2018-ലെ G.O.(Rt) No. 1190/2018/ID പ്രകാരം 7 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ വ്യവസായ എസ്റ്റേറ്റിൽ സർവ്വേ നടത്തി അധികഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി അനുവദിച്ചു നൽകിയതിലൂടെ ലഭിച്ച തുക ഉപയോഗപ്പെടുത്തി ഒല്ലൂർ എസ്റ്റേറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞു.

സെക്ഷൻ ഓഫീസർ.

# അനുബന്ധം

2018-19 സാമ്പത്തിക വർഷം 160.01 കോടി രൂപയുടെ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നു. ആയതിൽ നിലവിൽ പ്രാബല്യത്തിലിരിക്കുന്ന പദ്ധതികളുടെ വിശദാംശം താഴെ സൂചിപ്പിക്കുന്നു :-

(എ) : പശ്ചാത്തല വികസന പദ്ധതികളിലൂന്നി നിലവിലുള്ള വ്യവസായ വികസന ഏരിയ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന എസ്റ്റേറ്റ് എന്നിവയുടെ നവീകരണം ലക്ഷ്യമിടുകയും ഇതിനായി 28 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തി.

(ബി) : വ്യവസായ ഭൂമിയുടെ ദൗർലഭ്യം പരിഗണിച്ച് കൂടുതൽ വ്യവസായ യൂണിറ്റുകളെ ഉൾപ്പെടുത്തി വ്യവസായ വികസനം സാധ്യമാക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം ലക്ഷ്യമിട്ടിരുന്നു.

(സി) : തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസായ വികസന പദ്ധതികൾ നടപ്പിലാക്കുക.

(ഡി) : സംരംഭകത്വ വികസന പദ്ധതികളിലൂന്നി പുതിയ സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാമുകളും വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനായി ഇഡി ക്ലബ്ബുകളും സംഘടിപ്പിക്കുക.

(ഇ) : ചെറുകിട വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് മീറ്റ്, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ എന്നിവ സംഘടിപ്പിക്കാനും ലക്ഷ്യമിട്ടിരുന്നു.

ടി പദ്ധതികൾക്ക് പുറമേ നൂതന പദ്ധതികളായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡവലപ്പ്മെന്റ് പ്രോഗ്രാം, റിവൈവൽ ഓഫ് എം.എസ്.എം.ഇ വിത്ത് സ്ട്രെസ്സ്ഡ് അസറ്റ് എന്നീ മൂന്ന് പദ്ധതികൾ കൂടി പ്രഖ്യാപിച്ചിരുന്നു.

ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ എന്റെ ഗ്രാമം പദ്ധതിയിലൂടെ 980 ലക്ഷം രൂപയുടെ മൂലധന നിക്ഷേപം നടത്തുവാനും 386 യൂണിറ്റുകളിലൂടെ 1243 പേർക്ക് തൊഴിൽ നൽകാനും 2018-19 വർഷത്തിൽ ലക്ഷ്യമിട്ടിരുന്നു. കൂടാതെ പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം 417 പ്രോജക്ടുകൾക്കായി 3332 പേർക്ക് തൊഴിലും 3294 ലക്ഷം രൂപയുടെ മൂലധന നിക്ഷേപവും ലക്ഷ്യമിട്ടിരുന്നു. ഖാദി ഉത്പാദന കേന്ദ്രങ്ങൾ വഴി 63.41 കോടി രൂപയുടെ ഖാദി നൂലും വസ്ത്രങ്ങളും ഉല്പാദിപ്പിക്കുന്നതിന് 2018-19 വർഷത്തിൽ ലക്ഷ്യമിട്ടിരുന്നു.

വ്യവസായ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര 2018-19 സാമ്പത്തിക വർഷം 84.51 കോടി രൂപയുടെ വ്യവസായ നിക്ഷേപം നടത്തിയിട്ടുണ്ട്. പ്രസ്തുത നിക്ഷേപത്തിലൂടെ കിൻഫ്ര നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതികൾ താഴെപ്പറയുന്നു.

- ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ പ്രൊജക്ട്, പാലക്കാട്
- ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ, കണ്ണൂർ
- ഐ.ടി/ഐ.ടി. അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം.
- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രണ്ടാംഘട്ടം വികസനം, കാക്കഞ്ചേരി, മലപ്പുറം.
- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രണ്ടാംഘട്ട വികസനം, കൊരട്ടി.

ജക/30/10/19

- ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം
- മെഗാഫുഡ് പാർക്ക്, പാലക്കാട്.
- സ്റ്റേറ്റ് അസൈഡ് സ്കീമിന്റെ കീഴിൽ മട്ടന്നൂർ എക്സ്പോർട്ട് എങ്ക്ലേവ്, എക്സ്പോർട്ട് ഇങ്കുബേഷൻ ഹബ്ബ്- കാക്കഞ്ചേരി, അപ്ഗ്രേഡേഷൻ ഓഫ് പവർ ഇൻഫ്രസ്ടക്ചർ- പാലക്കാട്, കാർഷികോൽപ്പന്ന സംസ്കരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവ.
- കാസർഗോഡ്, തലശ്ശേരി, കന്നംന്താനം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ചെറുകിട വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനം, കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്-(കാക്കഞ്ചേരി), കളമശ്ശേരി, നെല്ലാട്, കൊരട്ടി, കാക്കഞ്ചേരി, കാക്കനാട് എന്നീ കിൻഫ്ര പാർക്കുകളിലെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കോമൺ ഫെസിലിറ്റി സെന്റർ എന്നിങ്ങനെ നിലവിലുള്ള പദ്ധതികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ,

വ്യവസായ വകുപ്പിലെ പൊതുമേഖല സ്ഥാപനമായ സിഡ്കോയുടെ അധീനതയിലുള്ള ചെറുകിട വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണവും എസ്റ്റേറ്റുകളിൽ സർവ്വേ നടത്തി അധിക ഭൂമി കണ്ടെത്തുന്ന പദ്ധതിയും നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്നു. സിഡ്കോയുടെ പ്രൊഡക്ഷൻ യൂണിറ്റുകളിൽ 18 കോടി രൂപയുടെയും റോ മെറ്റീരിയൽ ഡിവിഷനിൽ 137 കോടി രൂപയുടെയും, വിപണന വിഭാഗത്തിൽ 84 കോടി രൂപയുടെയും ടേണോവർ കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നു.

കൈത്തറി വ്യവസായ മേഖലയുടെ സമഗ്രവളർച്ച ലക്ഷ്യമിട്ടുകൊണ്ട് പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, ഹാന്റക്സ്, ഹാൻവീവ് എന്നിവയുടെ ഓഹരിപങ്കാളിത്തം നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള മാർജിൻ മണിവായ്പ, കൈത്തറിമേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ, യുവ വീവ് പദ്ധതി, നെയ്ത്തുകാർക്കും തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടികൾ സമഗ്ര കൈത്തറി ഗ്രാമം പദ്ധതി, തൊഴിലാളികൾക്കുള്ള അംശദാന സമ്പാദ്യ പദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണവും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രചോദനവും, കൈത്തറി നെയ്ത്തുകാർക്കുള്ള പരിശീലനവും വൈവിധ്യ വികസന പരിപാടി, യന്ത്രത്തറി സംഘങ്ങളുടെ ആധുനികവത്കരണം, ടെക്സ്.ഫെഡിന്റെ സ്പിന്നിങ് മില്ലുകളുടെ പുനരുദ്ധാരണം തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്നു. പ്രസ്തുത പദ്ധതികളുടെ ബഡ്ജറ്റ് വിഹിതം, ചെലവഴിച്ചത്, അവയുടെ ഭൗതിക നേട്ടം എന്നിവ പ്രത്യേകം പട്ടികയായി ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

ജെ/30/10/19